# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് മുൻകൂർ അനുമതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1653 12.06.2019- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വേണമെന്ന് പഞ്ചായത്ത് നഗരപാലികാ നിയമത്തിൽ വ്യവസ്ഥയുണ്ടോ; | (എ) | ഉണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(8), കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(6B) എന്നിവ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്നാണ് ആയത് സംബന്ധിച്ച വ്യവസ്ഥ കൊണ്ടുവന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | എസ്.ആർ.ഒ. നം.127/2011 നോട്ടിഫിക്കേഷൻ പ്രകാരം 14/2/2011 തീയതിയിൽ പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരവും എസ്.ആർ.ഒ. നം.591/2010 നോട്ടിഫിക്കേഷൻ പ്രകാരം 21/6/2010 തീയതിയിൽ പ്രാബല്യത്തിൽ വന്ന കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരവുമാണ് പ്രസ്തുത വ്യവസ്ഥ കൊണ്ടു വന്നിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | കളക്ടറുടെ അനുമതി ലഭിക്കുന്നതിന് അനാവശ്യ കാലതാമസം വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | 1957 ൽ എടുത്തുകളഞ്ഞ നിയന്ത്രണങ്ങൾ വീണ്ടും കൊണ്ടുവരാനുള്ള സാഹ-ചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ഡി) | സാമുദായിക അലോസരങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സാമുദായിക സൗഹാർദ്ദം പരിപോഷിപ്പിക്കുന്നതിനുമാണ് പ്രസ്തുത വ്യവസ്ഥകൾ കൊണ്ടു വന്നിട്ടുള്ളത്. |
| (ഇ) | ആരാധനാലയങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപ-നങ്ങളിൽ നിലനിർത്താൻ സാധിക്കുമോയെന്ന് പരി-ശോധിച്ചിട്ടുണ്ടോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ